**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **10-06-2024 - ൽ മറുപടിയ്ക്ക്**

**പൊൻകുന്നം, കറുകച്ചാൽ പോലീസ് സ്റ്റേഷനുകളുടെ അധീനതയിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൊൻകുന്നം, കറുകച്ചാൽ എന്നീ പോലീസ് സ്റ്റേഷനുകളുടെ അധീനതയിലുള്ള ഭൂമിയുടെ അളവുകളും അവയിൽ എത്ര ഭാഗം നിലവിൽ ഉപയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | **പൊൻകുന്നം, കറുകച്ചാൽ എന്നീ പോലീസ് സ്റ്റേഷനുകൾ സ്ഥിതി ചെയ്യുന്ന** സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കറുകച്ചാൽ **പോലീസ് സ്റ്റേഷൻ** - കറുകച്ചാൽ വില്ലേജ്, Block No. 15, Survey No. 430/2, Changanassery Taluk, Station - 93 Cent, Quarters : 1.32 ½ Acre (2 Acres 28 Cents)<br>കറുകച്ചാൽ പോലീസ് സ്റ്റേഷന് ആകെയുള്ള 2 ഏക്കർ 28 സെന്റിലാണ് പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും, പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടവും, ക്വാർട്ടേഴ്സുകളും സ്ഥിതി ചെയ്യുന്നത്.<br>പൊൻകുന്നം **പോലീസ് സ്റ്റേഷൻ** - ചിറക്കടവ് വില്ലേജ്, Resurvey No. 184/1, 185/1 (Old Survey No. 10/1417) 4 Acre 56 Cent<br>**പൊൻകുന്നം പോലീസ് സ്റ്റേഷന് ആകെയുള്ള 4 ഏക്കർ 56 സെന്റിലാണ് പൊൻകുന്നം പോലീസ് സ്റ്റേഷൻ കെട്ടിടവും, അനുബന്ധ കെട്ടിടങ്ങളും, കാഞ്ഞിരപ്പള്ളി DySP ഓഫീസും, കൂടാതെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള താമസ സൗകര്യത്തിനായി ഉള്ള 31 പോലീസ് ക്വാർട്ടേഴ്സുകളും, ഓഫീസുകളുടെയും, ക്വാർട്ടേഴ്സുകളുടെ ആവശ്യത്തിനായുള്ള ജല സൗകര്യത്തിനുള്ള കുളവും, മോട്ടോർ പുരയും സ്ഥിതി ചെയ്യുന്നത്.** |
| (ബി) | ഇതിൽ ഉപയോഗശൂന്യമായി അവശേഷിക്കുന്ന ഭൂമി ഏതെങ്കിലും പദ്ധതിക്കായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത ഭൂമിയുടെ ചെറിയ ഒരു ഭാഗമെങ്കിലും മറ്റ് വകുപ്പുകളുടെ അത്യാവശ്യ പദ്ധതികൾക്കായി വിട്ടുനൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | **കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിൽ ഉപയോഗശൂന്യമായ ഭൂമി ഇല്ല. സ്റ്റേഷനുകളോടനുബന്ധിച്ചുള്ള പോലീസ് വകുപ്പിന്റെ ഭൂമികളിൽ കാലഹരണപ്പെട്ട ക്വാർട്ടേഴ്സുകൾക്ക് പകരം പുതിയ ക്വാർട്ടേഴ്സുകൾ പണിയുന്നതിനും, ബോർവെൽ നിർമ്മിക്കുന്നതിനും, സൈബർ ക്രൈം മുതലായ വിഷയങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ പണിയുന്നതിനുമുള്ള പോലീസ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതും പ്രാവർത്തികമാക്കാനുള്ളതുമാണ്.** |

| | | | |
|---|---|---|---|
| (സി) | പൊൻകുന്നം പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും 30 സെന്റ് ഭൂമി കാഞ്ഞിരപ്പള്ളി സബ് ആർ.ടി.ഒ.യ്ക്ക് ലൈസൻസ് ടെസ്റ്റ് ഗ്രൗണ്ട് സ്ഥാപിക്കുന്നതിനും കറുകച്ചാൽ പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള ഭൂമിയിൽനിന്നും 20 സെന്റ് ഭൂമി കറുകച്ചാൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുമായി വിട്ടുനൽകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | പോലീസ് വകുപ്പ് വക ഭൂമിയിൽ പുതിയ ക്വാർട്ടേഴ്സുകൾ പണിയുന്നതിനും, ശുദ്ധ ജലത്തിനായി ബോർവെൽ നിർമ്മിക്കുന്നതിനും സൈബർ ക്രൈം മുതലായ വിഷയങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ പണിയുന്നതിനും ഉള്ള പദ്ധതികൾ പ്രാവർത്തികമാക്കാനുണ്ട്. മാത്രമല്ല പോലീസ് വകുപ്പിന്റെ ഭാവി വികസനപദ്ധതികൾക്കും ഈ സ്ഥലം അനിവാര്യമാണ്. ആയതിനാൽ മറ്റ് വകുപ്പുകൾക്ക് വിട്ടു നൽകാൻ പര്യാപ്തമായ ഭൂമി ടി പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ച് നിലവിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ